വർഷം	പൊതുജനം	കന്നുകാലികൾ	വന്യമൃഗങ്ങൾ
2011	മാരകം -84 മാരകമല്ലാത്ത-30	38	-
2012	മാരകം -58 മാരകമല്ലാത്ത-46	32	-
2013	മാരകം -65 മാരകമല്ലാത്ത-48	31	1
2014	മാരകം -75 മാരകമല്ലാത്ത-67	34	-
2015	മാരകം -34 മാരകമല്ലാത്ത-21	15	-

(ഇ) മേൽ സൂചിപ്പിച്ച അപകടങ്ങളിൽ ചുരുക്കം ചിലത് വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥമൂലം സംഭവിച്ചിട്ടുള്ളതും, അപകടം അറിഞ്ഞിട്ടും സഹായത്തിനായി എത്താതെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതുമുഖാന്തരമായും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കുറ്റാരോപിതരായ ജീവനക്കാർക്കെതിരായി കൃത്യവിലോപം സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിലേയ്ക്കായി അന്വേഷണം നടത്തുകയും കുറ്റം തെളിയിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഇൻക്രിമെന്റ് തടയുക/ശാസന നൽകുക/ സസ്പെൻഷൻ നടപടി സ്വീകരിക്കുക മുതലായ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയും ചെയ്യുവരുന്നു. മരണപ്പെട്ട 154 പേരുടെ അനന്തരാവകാശികൾക്കും പരിക്കേറ്റിട്ടുള്ള 10 പേർക്കും ആശ്വാസ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മാരകമല്ലാത്ത അപകടം സംഭവിച്ചതിൽ കൂടുതലും നിസ്സാരപരിക്കുകൾ പറ്റിയിട്ടുള്ളവരാണ്.

കുടംകുളം ആണവോർജ്ജ നിലയം

43 (4625) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിലെ കുടംകുളം ആണവോർജ്ജ നിലയം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയിൽനിന്നും സംസ്ഥാന വിഹിതമായി ലഭിക്കേണ്ട വൈദ്യുതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ; കേന്ദ്രപൂളിൽ എത്ര വൈദ്യുതിയാണുള്ളത് ;

(ബി) സംസ്ഥാനത്ത് ഇതിൽ അർഹമായത് എത്ര മെഗാവാട്ടാണ് ; ഏത് പ്രസരണ ലൈനിലൂടെയാണ് ഈ വൈദ്യുതി കേരളത്തിൽ എത്തിക്കുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലൂടെ നേരത്തെ വിഭാവന ചെയ്തിരുന്ന പവർഗ്രിഡ് കോർപ്പറേഷന്റെ 400 കെ. വി. ലൈൻ ഇതിനായി വലിക്കാൻ ഉദ്ദേശമുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) തൃശ്ശൂരിലെ മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിലേക്ക് ഈ വൈദ്യുതി എത്തിക്കുന്നതിന് ബൈപോൾ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എത്ര ഭൂമിയാണ് ആവശ്യമായി വരിക. ഇതിനുള്ള ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) 400 കെ. വി. സബ്സ്റ്റേഷന് സമീപം തന്നെ കെ.എസ്.ഇ.ബി.-യുടെ കയ്യിലുള്ളതും സർക്കാർ വക പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമിയുള്ളപ്പോൾ കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര കാമ്പസിലെ 45 ഏക്കർ ഭൂമി കൈമാറേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(എഫ്) മറ്റ് ഭൂമികളുടെ ലഭ്യത കൂടി പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 2000 MW (1000 മെഗാവാട്ടിന്റെ രണ്ട് യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽനിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3 ശതമാനം) ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽനിന്നും 133 മെഗാവാട്ട് ലഭിച്ചുവരുന്നു.

ഇപ്പോൾ ദക്ഷിണ മേഖലയിലെ കേന്ദ്രപൂളിൽ 12,060 മെഗാവാട്ട് സ്ഥാപിത ശേഷിയാണുള്ളത്. ഇതിൽ 1410 മെഗാവാട്ടാണ് കേരളത്തിന് അർഹതപ്പെട്ട വിഹിതം. കൂടാതെ 167 മെഗാവാട്ട് ഉത്തരേന്ത്യയിലെ ജയ്പൂരിൽ നിന്നും ലഭിക്കുന്നു. ആകെ 1577 മെഗാവാട്ടാണ് വിഹിതം. കേന്ദ്ര നിലയങ്ങളിലെ അറ്റകുറ്റപ്പണികൾമൂലവും പ്രസരണ നഷ്ടംമൂലവും ഉണ്ടാകുന്ന കുറവ് കഴിച്ചാൽ ഏകദേശം 1150 മെഗാവാട്ട് വൈദ്യുതി ശരാശരി പ്രതിദിനം ലഭിക്കുന്നു. ടി. വൈദ്യുതി താഴെ പറയുന്ന പ്രസരണ ലൈനുകൾ വഴിയാണ് എത്തിക്കുന്നത് :

1. 400 കെ.വി ഉടുമൽ -പാലക്കാട് - മാടക്കത്തറ -കൊച്ചിൻ ഇൗസ്റ്റ്
2. 400 കെ.വി തിരുനെൽവേലി - തിരുവനന്തപുരം
3. 220 കെ.വി തിരുനെൽവേലി - ഇടമൺ
4. 220 കെ.വി ശബരിഗിരി - തേനി

LIBRARY ARCHIVES Kerala Legislative Assembly

5. 220 കെ.വി ഇടുക്കി - ഉടുമൽ

6. 220 കെ.വി കടക്കോല - കണിയാമ്പറ്റ

7. 110 കെ.വി കഴിത്തുറ - പാറശ്ശാല

8. 110 കെ.വി.മാംഗ്ലൂർ - മഞ്ചേശ്വരം

(സി) തമിഴ്നാട്ടിലെ കൂടംകുളത്തുനിന്നും കേരളത്തിനർഹമായ വൈദ്യുതി എത്തിക്കുന്നതിനായിട്ടാണ് തിരുനെൽവേലി - ഇടമൺ - കൊച്ചി - മാടക്കത്തറ 400 കെ.വി ലൈൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 400 കെ.വി ഇടമൺ-കൊച്ചി ഭാഗമൊഴിച്ച് മറ്റ് പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഇടമൺ-കൊച്ചി ഭാഗത്തെ തർക്കങ്ങൾ പരിഹരിച്ച് പണി പുനരാരംഭിക്കുന്ന ഘട്ടത്തിലാണ്.

(ഡി) കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയവും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയും ചേർന്ന് തൃശ്ശൂരിലെ മാടക്കത്തറയിൽ കേരളത്തിന് 2000 മെഗാവാട്ട് HVDC Substation അനുവദിച്ചിട്ടുണ്ട്. ഛത്തീസ്ഗഢിലെ റായ്ഗഢിൽ നിന്ന് ആരംഭിക്കുകയും തമിഴ്നാട്ടിലെ പുഗലൂർവഴി കേരളത്തിലെത്തുകയും ചെയ്യുന്ന HVDC പ്രസരണ ലൈനിൽനിന്ന് പി.ജി.സി.ഐ.എൽ.-ന്റെ 400 കെ.വി. സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന മാടക്കത്തറയിലേയ്ക്ക് സംസ്ഥാന വിഹിതമായ 2000 മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിനായാണ് നിർദ്ദിഷ്ട സബ്സ്റ്റേഷൻ നിർമ്മിക്കുന്നത്. HVDC സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ ഉദ്ദേശം 50 ഏക്കർ സ്ഥലം പി.ജി.സി.ഐ.എൽ.-നോ കെ.എസ്.ഇ.ബി.എൽ.-നോ ഇല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി പി.ജി.സി.ഐ.എൽ.-ഉം കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്ത പരിശോധന നടത്തുകയും മാടക്കത്തറയിൽ നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്ന് 800 മീറ്ററിൽ താഴെ മാത്രം ദൂരമുള്ളതും കേരള കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ളതുമായ 45 ഏക്കർ സ്ഥലം ഏറ്റവും പ്രയോഗികമായതാണെന്ന് കണ്ടെത്തുകയും ചെയ്തുകയുണ്ടായി.

സ്ഥലം ഏറ്റെടുത്തു നൽകണമെന്ന പി.ജി.സി.ഐ.എൽ.-ന്റെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിച്ച് HVDC സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ടി സ്ഥലം മൻകുറായി പവർഗ്രിഡ് കോർപ്പറേഷനു കൈമാറാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(ഇ) എച്ച്. വി. ഡി. സി. സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ 350 M X 450 M വിസ്തൃതിയുള്ളതും ഏകാതിർത്തി പങ്കിടുന്നതുമായ ഭൂമി ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമില്ല. ഈ സ്റ്റേഷൻ സ്ഥാപിക്കുന്നതിനോട് അനുബന്ധമായി കെ.എസ്.ഇ.ബി.എൽ-ന്റെ 400 കെ.വി. സബ്സ്റ്റേഷനിലും

LIBRARY ARCHIVES Kerala Legislative Assembly

വികസനങ്ങൾ ചെയ്യേണ്ടതുണ്ട്. അതിനായി ഈ സ്ഥലം ഉപയോഗിക്കേണ്ടതുണ്ട്. കൂടാതെ 51 സ്ഥലത്തിന്റെ ലൊക്കേഷൻ എച്ച്.വി.ഡി.സി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യവുമല്ല.

(എഫ്) പവർഗ്രിഡ് കോർപ്പറേഷൻ വിശദമായ പഠനത്തിനും പ്രസ്തുത പ്രദേശത്തെ മറ്റ് ഭൂമികളുടെ അനുയോജ്യത കൂടി പരിശോധിച്ചതിനും ശേഷമാണ് മേൽസൂചിപ്പിച്ച ഭൂമി കണ്ടെത്തിയിട്ടുള്ളത്.

ചടയമംഗലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ആഫീസുകൾ

44 (4626) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011 ജൂൺ മുതൽ 2015 ജൂൺ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. പുതിയ ആഫീസുകൾ ആരംഭിക്കുകയോ നിലവിലുണ്ടായിരുന്നവ വികസിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

ഉണ്ട്. ചടയമംഗലത്ത് 2011 ഒക്ടോബർ മാസം മുതൽ പുതുതായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

45 (4627) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) ഇത് എപ്പോഴെല്ലാമാണ് ;

(സി) ഓരോ തവണയിലെയും വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.-ക്ക് ലഭിച്ച വാർഷിക അധിക വരുമാനം എത്രയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 3 പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ, 1-7-2012 മുതലും 2013-14 സാമ്പത്തിക വർഷത്തിൽ, 1-5-2013 മുതലും 2014-15 സാമ്പത്തിക വർഷത്തിൽ, 16-8-2014 മുതലുമാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly